"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - കൊല്ലം ജില്ലാ കളക്ടറുടെ ഉത്തരവിനെതിരെ ശ്രീമതി.അനിതാ കൃഷ്ണകുമാർ സമർപ്പിച്ച റിവിഷൻ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.802/2023/AGRI തീയതി,തിരുവനന്തപുരം, 09-08-2023**

---

പരാമർശം:- 1.കൊല്ലം ജില്ലാ കളക്ടറുടെ 10.11.2021-ലെ DCKLM/8945/2021-L10 നമ്പർ നടപടിക്രമം.

2.ഡബ്ള്യൂ.പി(സി) നം. 33153/2022-മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 09.02.2023-ലെ വിധിന്യായം.

3.ശ്രീമതി.അനിത കൃഷ്ണകുമാർ സമർപ്പിച്ച 02.03.2023-ലെ റിവിഷൻ ഹർജി.

4.കൊല്ലം ജില്ലാ കളക്ടറുടെ 01.02.2023-ലെ DCKLM/8945/2021-L10 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ തിരുമല വില്ലേജിൽ ആറാമട, പുന്നക്കാമുകൾ, ആശ്രാമം റോഡിൽ, വൈശാഖി വീട്ടിൽ ശ്രീ.കൃഷ്ണകുമാർപിള്ള ഭാര്യ ശ്രീമതി.അനിതാ കൃഷ്ണകുമാറിന്റെ ഉടമസ്ഥതയിലുള്ള കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ കല്ലേലി ഭാഗം വില്ലേജ് ബ്ലോക്ക് 14-ൽ റീസർവ്വേ 12/1, 12/2, 12/16-ലെ യഥാക്രമം 09.55, 00.54, 13.62 ആർസ് നിലങ്ങൾ രൂപാന്തരപ്പെടുത്തിയത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിർദ്ദേശിച്ച് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 13 പ്രകാരം കൊല്ലം ജില്ലാ കളക്ടർ പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിനെതിരെയും പരാമർശം (2) വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും പരാമർശം (3) പ്രകാരം ശ്രീമതി.അനിതാ കൃഷ്ണകുമാർ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത റിവിഷൻ ഹർജിയിന്മേൽ 14.07.2023-ന് ഗൂഗിൾ മീറ്റ് മുഖാന്തിരം ഹിയറിംഗ് നടത്തുകയുണ്ടായി. ഹിയറിംഗിൽ ഹർജിക്കാരിയുടെ പ്രതിനിധിയായി ശ്രീ.കൃഷ്ണകുമാർ പങ്കെടുക്കുകയും ചുവടെപ്പറയും പ്രകാരം അറിയിക്കുകയുമുണ്ടായി:

"ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമിയാണിത്. ഭൂമിയിൽ അനധികൃതമായി മണ്ണിട്ട് നികത്തിയിട്ടില്ലാത്തതാണ്. ചുറ്റിലും വീടുകൾ ഉള്ളതാണ്. KSREC റിപ്പോർട്ട് പ്രകാരം thick vegetation zone ആകുന്നു. Fair value നിശ്ചയിക്കുന്നതിനായി വില്ലേജ് ഓഫീസർ തയ്യാറാക്കിയിരുന്ന റിപ്പോർട്ടിൽ നിലവിലെ ഭൂവിനിയോഗം residential type എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ സ്ഥലത്ത് നെൽകൃഷി ചെയ്യുവാൻ സാധിക്കുന്നതല്ല. ഇവിടെ വെള്ളം കെട്ടി നിന്നാൽ മറ്റൊരിടത്തേക്കും ഒഴുകിപ്പോകുന്നതിനും സൗകര്യമില്ലാത്തതാണ്.

വസ്തുതകൾ പരിശോധിക്കാതെയാണ് ജില്ലാ കളക്ടർ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 13 പ്രകാരം നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഉത്തരവായിട്ടുള്ളത്. ചുറ്റിലുമുള്ള ഇതേ ഭൂപ്രകൃതിയിലുള്ള സ്ഥലങ്ങൾക്ക് പരിവർത്തനം നല്കുവാൻ അനുമതി നല്കിയിട്ടുള്ളതായി കാണാവുന്നതാണ്. വർഷങ്ങൾക്കുമുൻപ് തന്നെ പരിവർത്തനത്തിനായുള്ള അപേക്ഷ നല്കിയിരുന്നുവെങ്കിലും അതൊന്നുംതന്നെ പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ വസ്തുതകൾ പരിശോധിക്കാതെ പുറപ്പെടുവിച്ചിട്ടുള്ള കളക്ടറുടെ നടപടിക്രമത്തിൽ നിന്നും ഒഴിവാക്കി അനുകൂല ഉത്തരവ് നല്കുവാൻ അഭ്യർത്ഥിക്കുന്നു".

3. പ്രസ്തുത റിവിഷൻ ഹർജിയിന്മേൽ പരാമർശം (4) പ്രകാരം ജില്ലാ കളക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി:

- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 സെക്ഷൻ 5(4) പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ടി നിലത്തിൽ രാത്രികാലങ്ങളിൽ മണ്ണ് കൊണ്ട് വന്ന് നിക്ഷേപിച്ച് രൂപാന്തരപ്പെടുത്തുന്നത് കണ്ടെത്തിയതിനെ തുടർന്ന് ടി അനധികൃത പ്രവൃത്തിക്കെതിരെ പ്രസ്തുത നിയമത്തിലെ സെക്ഷൻ 13 പ്രകാരം ഉത്തരവ് നൽകുന്നതിന് ശുപാർശ ചെയ്തുകൊണ്ട് കൊല്ലം സബ് കളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ഏകദേശം 380 ലോഡ് മണ്ണ് കൊണ്ടുവന്ന് ടി നിലമാകെ രൂപാന്തരപ്പെടുത്തിയെന്നാണ്.
- അനധികൃതമായി നിലങ്ങളിൽ കരമണ്ണ് നിക്ഷേപിച്ച് രൂപാന്തരപ്പെടുത്തിയ കേസ് പരിശോധനയ്ക്കായി കക്ഷികളെ നേരിൽ കേൾക്കുന്നതിന് 27/10/2021-ന് തീയതി നിശ്ചയിച്ച് കക്ഷികൾക്ക് അറിയിപ്പ് നൽകിയിരുന്നതും ടി ഹിയറിംഗിന് നിലം ഉടമസ്ഥയായ ശ്രീമതി.അനിതാ കൃഷ്ണകുമാറിനുവേണ്ടി അഡ്വക്കേറ്റ് നീരാവിൽ എസ്സ്.അനിൽകുമാർ ഹാജരായി താഴെപ്പറയും പ്രകാരം സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ളതുമാണ്:

"കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി കല്ലേലി വിഭാഗം വില്ലേജ് ബ്ലോക്ക് 14-ൽ റീസർവ്വേ 12/1, 12/2, 12/16-ലെ യഥാക്രമം 09.55, 04.30, 13.65 ആർസ് സ്ഥലം തന്റെ ഉടമസ്ഥതയിൽ ഉള്ളതാണെന്നും, ടി സ്ഥലം 2005-ൽ ധനനിശ്ചയ ആധാരമായി വാങ്ങിയിട്ടുള്ളതാണെന്നും, ടി സ്ഥലത്ത് 25 വർഷത്തിലേറെയായി പ്രായമുള്ള തെങ്ങുകൾ ഉള്ള സ്ഥലമാണെന്നും, നികന്ന് പുരയിടം പോലെയുള്ള സ്ഥലമാണെന്നും, 2003-ലെ സാറ്റലൈറ്റ് ചിത്രങ്ങളിൽ നിന്നും ടി സ്ഥലത്ത് വൃക്ഷങ്ങൾ ഉള്ളതായും വെള്ളക്കെട്ടോ, നീർച്ചാലുകളോ ഇല്ലെന്ന് വ്യക്തമാകുന്നതാണെന്നും, വ്യക്തിവിരോധം മൂലമാണ് ഉദ്യോഗസ്ഥർ തെറ്റായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്നും സ്റ്റേറ്റ്മെന്റ് സമർപ്പിച്ചു.

- ജില്ലാ കളക്ടറുടെ വിശദമായ പരിശോധനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമായിട്ടുള്ളതാണ്.

(i) കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി കല്ലേലി വിഭാഗം വില്ലേജ് ബ്ലോക്ക് 14-ൽ റീസർവ്വേ നം. 12/01, 12/2, 12/6-ലെ യഥാക്രമം 09.55, 04.30, 13.65 ആർസ് സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 സെക്ഷൻ (ii) 5(4) പ്രകാരം തയ്യാറാക്കിയ ഡാറ്റാബാങ്കിൽ ഉൾപ്പെട്ടുവരുന്നതാണ്.

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, സെക്ഷൻ 3 നിയമം ലംഘിച്ചുകൊണ്ട് ടി നിലത്തിൽ കരമണ്ണ് നിക്ഷേപിച്ച് അനുമതി കൂടാതെ രൂപാന്തരപ്പെടുത്തലുകൾ

നടത്തിയത് സംബന്ധിച്ച് ടി നിയമത്തിലെ സെക്ഷൻ 12 പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിശദമായ മഹസറും റിപ്പോർട്ടും ലഭ്യമാക്കിയിട്ടുള്ളതാണ്.

(iii) കല്ലേലിഭാഗം വില്ലേജ് ഓഫീസറുടെ 22/10/2021-ലെ സ്ഥലപരിശോധന റിപ്പോർട്ടിലും ടി നിലങ്ങൾ മണ്ണിട്ട് രൂപാന്തരപ്പെടുത്തിയിട്ടുള്ളതായും ടി നിലങ്ങൾ വെള്ളം കെട്ടി നിൽക്കുന്ന പ്രദേശമാണെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

4. മേൽ റിപ്പോർട്ടുകളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. ഡേറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കി നല്കുന്നതിനുള്ള അപേക്ഷ ലഭിച്ചതായി കാണുന്നില്ല എന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഡേറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കി നല്കുന്നതിനുള്ള അപേക്ഷ കൊല്ലം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കുന്നതിന് റിവിഷൻ ഹർജിക്കാരിയെ അറിയിച്ചുകൊണ്ടും, അപ്രകാരമുള്ള അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം റവന്യൂ ഡിവിഷണൽ ഓഫീസർ അപേക്ഷയിൽ തീർപ്പ് കല്പിക്കേണ്ടതാണെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ കളക്ടറുടെ പരാമർശം (1) നടപടിക്രമം പുന:പരിശോധിക്കാൻ നിർദ്ദേശിച്ചുകൊണ്ടും പരാമർശം (3) റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ശ്രീമതി.അനിത കൃഷ്ണകുമാർ, W/o.കൃഷ്ണകുമാർ, വൈശാഖി ഹൗസ്, ആശ്രാമം റോഡ്, പുന്നക്കാമുകൾ, തിരുമല, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
റവന്യൂ ഡിവിഷണൽ ആഫീസർ, കൊല്ലം.
തഹസ്സിൽദാർ, കരുനാഗപ്പള്ളി, കൊല്ലം.
വില്ലേജ് ഓഫീസർ, കല്ലേലിഭാഗം, കൊല്ലം.
കൃഷി ആഫീസർ, തൊടിയൂർ, കൊല്ലം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ നംAGRI-NCA2/462/2022-AGRI].

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ